بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

Khutba Khulasa 07.02.2020 ഖുത്‌ബ സംഗ്രഹം

സയ്യിദുനാ ഹദ്‌റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം

നബി(സ) തിരുമേനിയുടെ മഹോന്നത പദവിയിലുള്ള ബദരീ സ്വഹാബി ഹദ്‌റത്ത് **മുഹമ്മദ് ബിൻ മസ്‌ലമ**(റ)യുടെ വിശ്വാസദീപ്തമായ വിവരണങ്ങൾ

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۔ اَلرَّحْمٰنِ الرَّحِيْمِ ۔ مٰلِكِ يَوْمِ الدِّيْنِ ۔ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۔ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ

ഇന്ന് പരാമർശിക്കുവാൻ പോകുന്ന സ്വഹാബിയുടെ പേരാണ് മുഹമ്മദ് ബിൻ മസ്‌ലമ അൻസ്വാരി. അൻസ്വാറുകളുടെ ഔസ് ഗോത്രവുമായിട്ടായിരുന്നു അദ്ദേഹത്തിനു ബന്ധം. ഹദ്‌റത്ത് മുഹമ്മദ് മസ്‌ലമ ആദ്യകാല ഇസ്‌ലാം സ്വീകരിച്ചവരിൽപ്പെട്ടയാളായിരുന്നു. അദ്ദേഹം ഹദ്‌റത്ത് സഅദുബ്നു മആദിനു മുമ്പെ ഹദ്‌റത്ത് മുസ്‌അബു ബിനു ഉമൈറിന്റെ കയ്യിൽ ഇസ്‌ലാം സ്വീകരിക്കുകയുണ്ടായി. ഹദ്‌റത്ത് ഉബൈദാ ബിൻ അൽജറാഹ് ഹിജ്‌റത്ത് ചെയ്തു മദീനയിലെത്തിയപ്പോൾ നബി(സ)തിരുമേനി അവർക്കിടയിൽ സാഹോദര്യബന്ധമുണ്ടാക്കി. കഅ്ബു ബിൻ അശ്‌റഫിനെയും അബൂറാഫിഅ് സലാം ബിൻ അബൂഹുഖൈഖിനെയും വധിച്ച സ്വഹാബികളിൽ അദ്ദേഹവും (മുഹമ്മദുബ്നു മസ്‌ലമ) ഉൾപ്പെടുന്നു. അവർ ഇരുവരും മുസ്‌ലിംകൾക്കിടയിൽ കുഴപ്പങ്ങളുണ്ടാക്കി മുസ്‌ലിംകൾക്ക് നഷ്ടമുണ്ടാക്കാൻ തുനിഞ്ഞിറങ്ങിയവരും അതിനായി എപ്പോഴും പരിശ്രമിച്ചിരുന്നവരുമായിരുന്നു. മാത്രമല്ല മുസ്‌ലിംകളെയും നബി(സ) തിരുമേനിയെയും ആക്രമിക്കുവാൻ ശ്രമിക്കുകയും ചെയ്തു. അവരെ വധിക്കുന്നതിനുവേണ്ടി നബി(സ)തിരുമേനി മുഹമ്മദുബ്നു മസ്‌ലമയെ ഏല്പ്പിച്ചു. പല യുദ്ധാവസരങ്ങളിലും അദ്ദേഹത്തെ മദീനയുടെ മേൽനോട്ടക്കാരനായി നിയമിച്ചിട്ടുമുണ്ട്. ഹദ്‌റത്ത് മുഹമ്മദ് ബിൻ മസ്‌ലമയുടെ മക്കളായിരുന്ന ജഅ്ഫർ, അബ്ദുല്ലാഹ്, സഅദ്, അബ്ദുറഹ്മാൻ, ഉമർ എന്നിവർ നബി(സ)യുടെ സ്വാഹബികളായിരുന്നു. ഹദ്‌റത്ത് മുഹമ്മദുബ്നു മസ്‌ലമ തബൂക്ക് യുദ്ധമൊഴികെ മറ്റെല്ലാ യുദ്ധങ്ങളിലും പങ്കെടുത്തിരുന്നു. തബൂക്ക് യുദ്ധത്തിന്റെ സമയത്ത് നബി(സ) തിരുമേനിയുടെ അനുമതിയോടെ മദീനയിൽത്തന്നെ തങ്ങുകയുണ്ടായി.

മേൽ പരാമർശിച്ചതുപോലെ ഫിത്ന ഉണ്ടാക്കിയിരുന്ന ഇസ്‌ലാമിന്റെ ശത്രുക്കളെ വധിച്ചവരിൽ മുഹമ്മദുബ്നു മസ്‌ലമയും ഉൾപ്പെട്ടിരുന്നു. ഇതു സംബന്ധമായുള്ള വിശദീകരണം ഹദ്‌റത്ത് ഉബാദ ബിൻ ബിശറിനെ കുറിച്ച് വിവരിച്ചപ്പോൾ നല്കിക്കഴിഞ്ഞതാണ്. എന്നിരുന്നാലും സംക്ഷിപ്തമായി കുറച്ചു കാര്യങ്ങൾ പറയാം. കഅബുബ്നു അശ്‌റഫിന്റെ വധത്തെ സംബന്ധിച്ച് ഹദ്‌റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: ബദർ യുദ്ധത്തോടെ യഹൂദികളുടെ ഹൃദയത്തിലുണ്ടായിരുന്ന ശത്രുത പ്രകടമായിരുന്നു. ശത്രുത വർധിച്ചിരുന്നു. കഅബുബിൻ അശ്‌റഫിന്റെ വധവും ഇതിന്റെ ഒരു കണ്ണിയാണ്. കഅബ് ജൂതമതക്കാരനായിരുന്നെങ്കിലും അറബി വംശത്തിൽപ്പെട്ടയാളായിരുന്നു. അയാളുടെ പിതാവ് സമർഥനായ സൂത്രശാലിയായിരുന്നു. മദീനയിൽ വന്ന് ബനൂ നദീറിനോടൊപ്പം ചേരുകയും അവരുടെ സഖ്യകക്ഷിയാകുകയും ചെയ്തു. ഒടുവിൽ അയാൾ എത്രമാത്രം സ്വാധീനം സ്ഥാപിച്ചെടുത്തുവെന്നാൽ ബനൂനദീർ ഗോത്രത്തിന്റെ പരമോന്നത നേതാവായ അബൂറാഫിഅ് ബ്നു അബീ ഹുഖൈഖ് തന്റെ മകളെ അയാൾക്ക് വിവാഹം ചെയ്തു കൊടുത്തു. അതിൽ നിന്നും കഅബ് ജനിച്ചു. വളർന്നപ്പോൾ പിതാവിനേക്കാളും വലിയ സ്ഥാനം കരസ്ഥമാക്കി. ഏതുവരെയെന്നാൽ അറേബ്യയിലെ യഹൂദികൾ അയാളെ നേതാവായിക്കരുതാൻ തുടങ്ങി. സ്വഭാവപരമായി നോക്കിയാൽ അങ്ങേയറ്റം ചീത്ത സ്വഭാവമുള്ള ഒരാളായിരുന്നു. കൗശലം പ്രയോഗിക്കുന്നതിലും ഗൂഢനീക്കങ്ങൾ നടത്തുന്നതിലും വലിയ പ്രഗത്ഭ്യമുണ്ടായിരുന്നു. നബി(സ) ഹിജ്‌റത്ത് ചെയ്തു മദീനയിലെത്തിയപ്പോൾ കഅബുബിൻ അശ്‌റഫ് മറ്റു യഹൂദികളോടൊപ്പം ചേർന്ന് തിരുനബി(സ)ക്കും യഹൂദികൾക്കുമിടയിൽ നടന്ന സമാധന ഉടമ്പടിയിൽ പങ്കുചേരുകയും പരസ്പര പ്രതിരോധ ഉടമ്പടി എഴുതിക്കുകയുമുണ്ടായി. എന്നാൽ ഉള്ളിന്റെയുള്ളിൽ ശത്രുതയുടെയും വിദ്വേഷത്തിന്റെയും അഗ്നി പുകഞ്ഞു കത്താൻ തുടങ്ങിയിരുന്നു.

അങ്ങനെ ഗൂഢതന്ത്രങ്ങളും നീക്കങ്ങളും നടത്തിക്കൊണ്ട് ഇസ്‌ലാമിനെയും ഇസ്‌ലാമിക സ്ഥാപകനെയും എതിർക്കാൻ തുടങ്ങി. ബദർ യുദ്ധത്തിനു ശേഷം കഠിനമായ അക്രമവും ഫിത്നയും ഉണ്ടാക്കുക എന്ന നിലപാടാണ് സ്വീകരിച്ചത്. തൽഫലമായി മുസ്‌ലിംകൾക്ക് ഭയാനകമായ അവസ്ഥ സംജാതമായി.

ബദർ യുദ്ധത്തിൽ മുസ്‌ലിംകൾക്ക് അസാധാരണമായ വിജയം ലഭിക്കുകയും ഖുറൈശി നേതാക്കൾ അധികവും മരണപ്പെടുകയും ചെയ്തപ്പോൾ ഈ പുതിയ മതം അത്ര എളുപ്പത്തിൽ അവസാനിക്കുന്ന ലക്ഷണം കാണുന്നില്ല എന്നയാൾക്കു മനസ്സിലായി. അതിനാൽ ബദർ യുദ്ധത്തിനുശേഷം അയാളുടെ ശ്രമങ്ങളെല്ലാം ഇസ്‌ലാമിനെ തകർക്കുന്നതിനും തുടച്ചു നീക്കുന്നതിനും വേണ്ടിയായിരിക്കുമെന്ന് തീരുമാനിച്ചുറപ്പിച്ചു.

ബദറിലെ വിജയം യഥാർഥത്തിൽ മുസ്‌ലിംകൾക്ക് ദൃഢത നല്കിയിരിക്കുകയാണെന്ന് കഅബിന് ബോധ്യമായി. അത് അയാൾ ചിന്തിക്കുകപോലും ചെയ്യാത്തതായിരുന്നു. അയാൾ കോപാന്ധനായി. ഉടനെ മക്കയിലേക്കു യാത്ര തിരിച്ചു. അവിടെയെത്തി തന്റെ വാഗ്ചാതുരിയുടെയും കവിതകളുടെയും പിൻബലത്തിൽ ഖുറൈശികളുടെയുള്ളിൽ നീറിപ്പുകഞ്ഞുകൊണ്ടിരുന്ന തീ ആളിക്കത്തിച്ചു. മുസ്‌ലിംകളുടെ രക്തത്തിനുവേണ്ടിയുള്ള ശമിക്കാത്ത ദാഹം അവരുടെ ഹൃദയത്തിൽ ഉണ്ടാക്കിയെടുത്തു. അവരുടെ ഹൃദയത്തിൽ പകയുടെയും ശത്രുതയുടെയും പ്രതികാരാവേശം നിറച്ചു. കഅബിന്റെ ഉത്തേജിപ്പിക്കുന്ന പ്രവർത്തികളുടെ ഫലമായി അവരിൽ ആവേശത്തിന്റെ വൈദ്യുതി പ്രവഹിച്ചു. അങ്ങനെയായപ്പോൾ കഅബ് അവരെയെല്ലാം കഅ്ബാ മന്ദിരത്തിന്റെ മുറ്റത്ത് കൊണ്ടുപോയി കഅ്ബയുടെ പുതപ്പ് കയ്യിൽ പിടിപ്പിച്ച് ഓരോരുത്തരോടും സത്യം ചെയ്യിച്ചു. അതായത് ഇസ്‌ലാമിനെയും അതിന്റെ സ്ഥാപകനേയും ഭൂലോകത്തുനിന്നും തുടച്ചു നീക്കുന്നതുവരെ ഞങ്ങൾക്ക് പൊറുതിയുണ്ടാകില്ല എന്ന് സത്യം ചെയ്യിച്ചു.

അതിനുശേഷം ആ ഹതഭാഗ്യൻ അറേബ്യയിലെ മറ്റു ഗോത്രങ്ങളിലേക്കു തിരിഞ്ഞു. ഗോത്രങ്ങളും സമുദായങ്ങളും ചുറ്റിക്കറിങ്ങി ജനങ്ങളെ മുസ്‌ലിംകൾക്കെതിരിൽ പ്രകോപിപ്പിച്ചു. ശേഷം മദീനയിൽ തിരിച്ചു വന്ന് മുസ്‌ലിം സ്ത്രീകളെ അസംഭ്യം പറഞ്ഞു. അതായത് അയാളുടെ ആവേശം കൊള്ളിക്കുന്ന കവിതകളില അങ്ങേയറ്റം അസഭ്യവാക്കുകളും അശ്ലീലങ്ങളുംകൊണ്ട് മുസ്‌ലിം സ്ത്രീകളെ വർണിച്ചു. പ്രവാചക കുടുംബത്തിലെ വനിതകളെ അസഭ്യങ്ങൾ നിറഞ്ഞ കവിതകൾക്ക് കുറിമാനമാക്കുന്നതിൽനിന്നുപോലും വിട്ടുനിന്നില്ല. രാജ്യത്ത് അത്തരം കവിതകൾ പരാമർശവിധേയമാക്കി. അതുകൂടാതെ നബി തിരുമേനിയെ വധിക്കാനുള്ള ഗൂഢ പദ്ധതികൾ ആസൂത്രണം ചെയ്തു. സൽക്കാര വിരുന്നൊരുക്കി ഏതാനും യഹൂദി യുവാക്കളുടെ കയ്യാൽ വധിക്കാൻ പദ്ധതിയിട്ടു. പക്ഷെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ കൃത്യസമയത്തുതന്നെ അതിനെ കുറിച്ചുള്ള വിവരം ലഭിച്ചു. പദ്ധതി വിജയിച്ചില്ല.

കഅബിനെതിരായി കരാർ ലംഘനം, രാജ്യദ്രോഹം, കലാപമുണ്ടാക്കൽ, യുദ്ധത്തിനു പ്രേരിപ്പിക്കൽ, അസഭ്യം പറയൽ, വധശ്രമം എന്നീ കുറ്റങ്ങൾ തെളിഞ്ഞപ്പോൾ അയാളുടെ കുറ്റകൃത്യങ്ങൾ കാരണമായി നബി(സ) തിരുമേനി കഅബ് ബിൻ അശ്റഫ് വധശിക്ഷയ്ക്കർഹനാണെന്നു വിധിച്ചു. കഅബിനെ നിയമാനുസൃതം വിളംബരപ്പെടുത്തി വധിക്കുകയാണെങ്കിൽ അതിന്റ പരിണിത ഫലമായി മദീനയിൽ ഭയാനകമായ യുദ്ധമുണ്ടാകുമെന്ന ആശങ്കയുണ്ടായിരുന്നു. അതുമൂലം എത്ര രക്തച്ചൊരിച്ചിലുകൾ ഉണ്ടാകുമെന്ന് പറയാൻ കഴിയില്ല. തിരുനബി(സ) സമൂഹങ്ങൾക്കിടയിലുള്ള രക്തച്ചൊരിച്ചിലുകൾ തടയാൻ സാധ്യമായ എല്ലാ മാർഗങ്ങളിലൂടെയും കഠിന പ്രയത്നം നടത്തുകയായിരുന്നു. കഅബിനെ പരസ്യമായി വധിക്കാതെ ഏതാനും ആളുകൾ ചേർന്ന് രഹസ്യമായി ഉചിതമായ അവസരം നോക്കി വധിക്കണമെന്ന നിർദേശം നൽകി. ഈ കർത്തവ്യ നിർവഹണത്തിനായി ഔസ് ഗോത്രത്തിലെ ആത്മാർഥനായ ഒരു സ്വഹാബിയായിരുന്ന മുഹമ്മദുബ്നു മസ്‌ലമയെ ചുമതലപ്പെടുത്തി. ഏതുരീതി സ്വീകരിക്കുകുയാണെങ്കിലും അത് ഔസ് ഗോത്രത്തിന്റെ നേതാവായ സഅദുബിനു മആദിന്റെ അഭിപ്രായം അറിഞ്ഞുകൊണ്ടായിരിക്കണം എന്ന് നബി(സ) തിരുമേനി അദ്ദേഹത്തിനു ശക്തമായ കല്പന നൽകി. മുഹമ്മദുബിനു മസ്‌ലമ പറഞ്ഞു: യാ റസൂലല്ലാഹ് രഹസ്യമായി വധിക്കാൻ കഴിയണമെങ്കിൽ കഅബിനെ വീട്ടിൽ നിന്നിറക്കി സുരക്ഷിതമായ ഒരു സ്ഥലത്തെത്തിക്കുന്നതിന് എന്തെങ്കിലും ഉപായം കണ്ടെത്തേണ്ടിവരും. നബി(സ) പറഞ്ഞു: ശരി. അങ്ങനെ മുഹമ്മദുബ്നു മസ്‌ലമ, സഅദുബ്നു മആദിനോട് അഭിപ്രായം ചോദിച്ചശേഷം അബൂനാഇലയെയും മറ്റു രണ്ടൂ മൂന്നു സ്വഹാബികളേയും കൂട്ടി കഅബിന്റെ വീട്ടിലെത്തി. കഅബിനെ വീടിനു വെളിയിലേക്കു വിളിച്ചുകൊണ്ടുവന്നു പറഞ്ഞു: ഞങ്ങളുടെ യജമാനൻ അതായത് മുഹമ്മദ്(സ) ഞങ്ങളിൽനിന്നും സ്വദഖ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു ഞങ്ങൾ കഷ്ടതയിലാണ്. ഞങ്ങൾക്കു കുറച്ചു കടം നൽകാൻ നിനക്കു കഴിയുമോ?

ഇതുകേട്ട് കഅബ് സന്തോഷംകൊണ്ട് തുള്ളിച്ചാടി. എന്നിട്ടു പറഞ്ഞു: തീർച്ചയായും നിങ്ങൾ അസംതൃപ്തരായി ആ വ്യക്തിയെ ഉപേക്ഷിച്ചിക്കുന്ന നാൾ വിദൂരമല്ല. മുഹമ്മദുബ്നു മസ്‌ലമ പറഞ്ഞു: ഞങ്ങളാണെങ്കിൽ മുഹമ്മദ്(സ)നെ പിൻപറ്റിക്കഴിഞ്ഞു ഞങ്ങളാവശ്യപ്പെട്ടതനുസരിച്ച് ഞങ്ങൾക്കു കടം നൽകാൻ സാധിക്കുമോ ഇല്ലയോ എന്നു പറയണം. കഅബ് പറഞ്ഞു: നൽകാം. പക്ഷെ നിങ്ങൾ എന്തെങ്കിലും പണയം വെക്കണം. മുഹമ്മദ് ചോദിച്ചു: എന്തു സാധനമാണ് വെക്കേണ്ടത്. ആ ഹതഭാഗ്യൻ മറുപടി പറഞ്ഞു: നിങ്ങളുടെ സ്ത്രീകളെ പണയം വെക്കൂ. മുഹമ്മദ് കോപം ഉള്ളിലൊതുക്കിക്കൊണ്ട് പറഞ്ഞു: നിന്നെപ്പോലെയുള്ള ഒരു വ്യക്തിയുടെ കയ്യിൽ ഞങ്ങളെങ്ങനെ ഞങ്ങളുടെ സ്ത്രീകളെ പണയം വെക്കും. അയാൾ പറഞ്ഞു: എങ്കിൽ ശരി നിങ്ങളുടെ ആൺമക്കളായാലും മതി. മുഹമ്മദുബ്നു മസ്‌ലമ പറഞ്ഞു: ഇതും സാധ്യമല്ല. അറേബ്യയുടെ മുഴുവൻ കുത്തുവാക്കുകളും സഹിക്കാൻ ഞങ്ങങ്ങൾക്കാവില്ല. നീ കനിവു കാണിക്കുകയാണെങ്കിൽ ഞങ്ങൾ ഞങ്ങളുടെ ആയുധങ്ങൾ പണയം വയ്ക്കാം. കഅബ് അതിനു സമ്മതിച്ചു. മുഹമ്മദുബ്നു മസ്‌ലമയും കൂട്ടരും രാത്രി തിരിച്ചുവരാമെന്നു വാക്കു കൊടുത്തു മടങ്ങി. രാത്രിയായപ്പോൾ ആ സംഘം ആയുധങ്ങളുമായി കഅബിന്റെ വീട്ടിലെത്തി. വീട്ടിൽ നിന്നും പുറത്തിറക്കി സംസാരിച്ചുകൊണ്ട് ഒരു ഭാഗത്തേക്കുകൊണ്ടുപോയി വധിച്ചു. മുഹമ്മദുബ്നു മസ്‌ലമയും കൂട്ടരും സ്ഥലം വിട്ടു. ഉടനെതന്നെ നബി(സ) തിരുമേനിയുടെ അടുക്കലെത്തി വധിച്ച കാര്യം പറഞ്ഞു.

കഅബ് വധിക്കപ്പെട്ട വാർത്ത പ്രചരിച്ചപ്പോൾ പട്ടണത്തിൽ പ്രക്ഷുബ്ധാവസ്ഥ ഉണ്ടായി. യഹൂദികൾ അത്യധികം വികാരഭരിതരായി. അടുത്ത ദിവസം യഹൂദികളുടെ ഒരു സംഘം നബി(സ) തിരുമേനിയുടെ സവിധത്തലെത്തി പരാതി പറഞ്ഞു: ഞങ്ങളുടെ നേതാവ് ഇത്തരത്തിൽ വധിക്കപ്പെട്ടിരിക്കുന്നു. നബി(സ) തിരുമേനി അവരോടു ചോദിച്ചു: കഅബ് ചെയ്ത കുറ്റകൃത്യങ്ങൾ ഏതൊക്കെയാണെന്ന് നിങ്ങൾക്കറിയുമോ, അതിനുശേഷം അവിടന്ന് കഅ്ബ് ചെയ്ത കരാർ ലംഘനം, യുദ്ധത്തിനു പ്രേരിപ്പിക്കൽ, അസംഭ്യം പറയൽ, വധശ്രമത്തിനു പദ്ധതിയിട്ടത് തുടങ്ങിയ എല്ലാ കുറ്റകൃത്യങ്ങളെയും അവരെ ഓർമ്മിപ്പിച്ചു. അപ്പോൾ അവർ ഭയന്ന് നിശബ്ദരായി. നിങ്ങൾ ചെയ്യേണ്ടത് ഇനിയെങ്കിലും ശാന്തിയോടും പരസ്പര സഹകരണത്തോടും കൂടി ജീവിക്കുക എന്നതാണ്. വിദ്വേഷത്തിന്റെയും കലഹങ്ങളുടെയും കുഴപ്പങ്ങളുടെയും വിത്ത് വിതയ്ക്കാതിരിക്കുക. അങ്ങനെ യഹൂദികളുടെ സമ്മതത്തോടെ ഭാവിയിലേക്കായി പുതിയൊരു ഉടമ്പടി രേഖപ്പെടുത്തി. മുസ്‌ലിംകളുമായി ശാന്തിസമാധാനത്തോടെ ജീവിക്കുമെന്നും കുഴപ്പങ്ങളിൽനിന്നും കലഹങ്ങളിൽനിന്നും വിട്ടുനിൽക്കുന്നതാണെന്നും ഒരിക്കൽക്കൂടി പ്രതിജ്ഞ ചെയ്തു. കഅബ് കുറ്റവാളിയല്ലായിരുന്നെങ്കിൽ യഹൂദികൾ അത്ര പെട്ടെന്ന് പുതിയ ഉടമ്പടിക്കു തയ്യാറാകുമായിരുന്നില്ല. അതുപോലെ അയാളുടെ വധത്തെക്കുറിച്ച് നിശബ്ദരാകുകയുമില്ലായിരുന്നു. കാരണം കഅബ് ശിക്ഷക്കർഹനായിരുന്നുവെന്ന് അവർ മനസ്സിലാക്കിയിരുന്നു.

കഅബുബിൻ അശ്റഫിന്റെ വധത്തെക്കുറിച്ച് പാശ്ചാത്യ ചരിത്രകാരന്മാർ ഒരുപാട് എഴുതുകയും നബി(സ) തിരുമേനിയുടെമേൽ കളങ്കം ചാർത്തുക എന്ന ഉദ്ദേശ്യത്തോടെ ഈ വധത്തെക്കുറിച്ച് ആക്ഷേപമുന്നയിക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാമതായി നോക്കേണ്ടത് ഈ വധം ന്യായമായതായിരുന്നോ അല്ലയോ എന്നാണ്. രണ്ടാമത് നോക്കേണ്ടത് വധിക്കാനായി ഉപയോഗിച്ച രീതി ന്യായമായതാണോ അല്ലേ എന്നാണ്.

ഹുസൂർ ഇപ്രകാരം പറഞ്ഞു: കഅബുബിൻ അശ്റഫ് നബി(സ) തിരുമേനിയുമായി നിയമപരമായി സമാധാന സന്ധിയിലേർപ്പെട്ടതായിരുന്നു എന്നത് ഓർക്കണം. മുസ്‌ലിംകൾക്കെതിരായി നടപടിയെടുത്തു എന്നത് അവിടെ നിൽക്കട്ടെ, അയാൾ പ്രതിജ്ഞ ചെയ്തിരുന്നത്, പുറമെ നിന്നുള്ള ശത്രുക്കളുടെ ആക്രമണമുണ്ടാകുമ്പോൾ മുസ്‌ലിംകളെ സഹായിക്കുകയും അവരോട് സൗഹൃദബന്ധം പുലർത്തുകയും ചെയ്യുന്നതാണെന്നായിരുന്നു. എന്നാൽ കഅബ് എല്ലാ കരാറുകളും കാറ്റിൽ പറത്തിക്കൊണ്ട് മുസ്‌ലിംകളോടെന്നല്ല, യഥാർഥത്തിൽ ഭരണകൂടത്തോടാണ് വിശ്വാസവഞ്ചന കാണിച്ചത്. ഇന്ന് സംസ്കാര സമ്പന്നരെന്നു പറയപ്പെടുന്ന രാജ്യങ്ങളിൽ രാജ്യദ്രോഹം, കരാർ ലംഘനം, പ്രകോപനപരമായ പെരുമാറ്റങ്ങൾ, വധശ്രമം തുടങ്ങിയവയിലേർപ്പെട്ടിരിക്കുന്ന കുറ്റവാളികൾക്ക് വധ ശിക്ഷ നൽകാറില്ലേ.?

ഇനി കഅബിന്റെ വധം നടപ്പിലാക്കിയ രീതി ശരിയാണോ അല്ലേ എന്നുള്ള ചോദ്യമാണ്. ഇതിനു മറുപടിയായിക്കൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ഇപ്രകാരം പറയുന്നു: അറേബ്യയിൽ നിയമാനുസൃതം ഒരു ഭരണവ്യവസ്ഥ നിലവിലില്ലായിരുന്നു. മറിച്ച് ഓരോ ഗോത്രവും സ്വതന്ത്രരും സ്വായം ഭരണാവകാശമുള്ളവരുമായിരുന്നു. ഇത്തരം സാഹചര്യത്തിൽ കഅബിനെതിരായി കേസു നൽകുവാനും നിയമപരമായി വധശിക്ഷക്കു വിധിക്കുവാനും ഏതു കോടതിയാണുണ്ടായിരുന്നത?

ഹിജ്റത്തിനുശേഷം മുസ്‌ലിംകൾക്കും യഹൂദികൾക്കുമിടയിലുണ്ടായിരുന്ന ഉടമ്പടിയിലൂടെ നബി(സ) തിരുമേനിക്ക് വെറുമൊരു നഗരവാസി എന്ന സ്ഥാനമല്ലായിരുന്നു അപ്പോൾ ഉണ്ടായിരുന്നത്. മറിച്ച് മദീനയിലുണ്ടായിരുന്ന ആ ജനാധിപത്യ ഭരണവ്യവസ്ഥിതിയുടെ പ്രസിഡന്റ് എന്ന പദവി നൽകപ്പെട്ടിരുന്നു. തിരുമേനിക്ക് എല്ലാതരം പ്രശ്നങ്ങളിലും രാഷ്ട്രീയപരമായ കാര്യങ്ങളിലും ഉചിതമെന്നു തോന്നുന്ന രീതിയിൽ തീർപ്പു കല്പ്പിക്കുവാനുള്ള അധികാരം ഉണ്ടായിരുന്നു. അതുകൊണ്ട് രാജ്യത്തിന്റെ സമാധാനാന്തരീക്ഷത്തിനു ഗുണകരമെന്നു കണ്ടുകൊണ്ടാണ് കുഴപ്പം സൃഷ്ടിച്ചുകൊണ്ടിരുന്ന കഅബിന് വധശിക്ഷ നല്കിയത്.

മറ്റൊരു ആക്ഷേപമുള്ളത്, നബി(സ) തിരുമേനി ആ സന്ദർഭത്തിൽ അനുചരൻമാർക്ക് കളവു പറയുവാനും വഞ്ചിക്കുവാനുമുള്ള അനുമതി നൽകിയെന്നാണ്. ഇക്കാര്യം തികച്ചും തെറ്റാണ്, ശരിയായ നിവേദനങ്ങളിൽ ഇതു നിഷേധിക്കുന്നുണ്ട്. ബുഖാരിയിലെ നിവേദനപ്രകാരം മുഹമ്മദുബ്നു മസ്‌ലമ നബി(സ) തിരുമേനിയോട് കഅബിനെ രഹസ്യമായി വധിക്കുന്നതിന് എന്തെങ്കിലും ഉപായം കണ്ടെത്തണമെന്നു പറഞ്ഞപ്പോൾ നബി അയാളെ രഹസ്യമായി വധിക്കുന്നതിലുള്ള വലിയ പ്രയോജനം മനസ്സിലാക്കിക്കൊണ്ട്, അതെ എന്നു മാത്രമാണ് മറുപടി പറഞ്ഞത്. അതിൽ കൂടുതൽ തിരുമേനിയിൽനിന്നോ മുഹമ്മദുബ്നു മസ്‌ലമയുടെ ഭാഗത്തുനിന്നോ യാതൊരു തരത്തിലുള്ള വിശദീകരണവും വ്യക്തതയും അതിനു നൽകപ്പെട്ടിട്ടില്ല. യുദ്ധത്തിൽ ചാരൻമാരെ ഉപയോഗിക്കുമ്പോൾ അവരുടെ കടമ നിറവേറ്റുന്നതിനുവേണ്ടി ഇത്തരത്തിലുള്ള കാര്യങ്ങൾ പറയേണ്ടി വരാറുണ്ട്. അക്കാര്യത്തിൽ ബുദ്ധിയുള്ള ആർക്കും യാതൊരാക്ഷേപവുമില്ല. ഏതായിരുന്നാലും നബി(സ) തിരുമേനിയുടെ അസ്തിത്വം പാവനമായതു തന്നെയാണ്.

യുദ്ധത്തിൽ കളവു പറയലും വഞ്ചന കാണിക്കലും അനുവദനീയമാണോ എന്ന് ചിലർ ചോദിച്ചിട്ടുണ്ട്. നബി(സ) തിരുമേനി ഇങ്ങനെ പറഞ്ഞിട്ടുള്ളതായി ചില നിവേദനങ്ങളിൽ വന്നിട്ടുണ്ട്. **അൽഹർബു ഖുദ്അഃ** അതായത് യുദ്ധം ഒരു ചതിയാണ്. ഇതിൽനിന്നും നബി(സ) യുദ്ധത്തിൽ ചതി അനുവദനീയമാക്കിയിരിക്കുന്നു എന്ന തെറ്റായ അനുമാനത്തിലെത്തുന്നു. വാസ്തവത്തിൽ അൽഹർബു ഖുദ്അഃ എന്നതിനർഥം യുദ്ധത്തിൽ ചതി അനുവദനീയമാണെന്നല്ല. മറിച്ച് യുദ്ധമെന്നത് വഞ്ചിക്കപ്പെടുന്ന ഒന്നാണ് എന്നാണ്.

സൈനിക തന്ത്രങ്ങൾക്കും വ്യത്യസ്ത രീതികളുണ്ട്. ഉദാഹരണമായി ശരിയായ നിവേദനങ്ങളിൽ നിന്നും മനസ്സിലാകുന്നു നബി(സ) തിരുമേനി ഏതെങ്കിലും ദൗത്യനിർവഹണത്തിനായി പുറപ്പെടുമ്പോൾ സാധാരണ തങ്ങളുടെ ലക്ഷ്യസ്ഥാനത്തെക്കുറിച്ച് പറയാറുണ്ടായിരുന്നില്ല. ചിലപ്പോൾ ദക്ഷിണദിക്കിലേക്കാണു പോകേണ്ടതെങ്കിൽ ആദ്യം ഉത്തരദിക്കിലേക്കു നീങ്ങുമായിരുന്നു അതിനുശേഷം കറങ്ങിത്തിരിഞ്ഞ് ദക്ഷിണ ദിക്കിലേക്കെത്തുമായിരുന്നു. അതുപോലെതന്നെ എവിടെ നിന്നാണു വരുന്നതെന്ന് ആരെങ്കിലും ചോദിക്കുകയാണെങ്കിൽ മദീനയുടെ പേരു പരാമർശിക്കാതെ തൊട്ടടുത്തുള്ള താവളത്തിന്റെ പേരു പറയുമായിരുന്നു. ഇത്തരത്തിൽ ഉചിതമായ യുദ്ധതന്ത്രങ്ങൾ പ്രയോഗിക്കുമായിരുന്നു. വിശുദ്ധ ഖുർആനിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ സ്വഹാബാക്കൾ ചില അവസരങ്ങളിൽ ശത്രുക്കളെ അശ്രദ്ധരാക്കുന്നതിനുവേണ്ടി യുദ്ധ മൈതാനത്തുനിന്നും പിൻമാറിക്കളയുമായിരുന്നു. പിന്നീട് ശത്രുക്കൾ അശ്രദ്ധരാകുകയും അണികൾ ശിഥിലമായിത്തീരുകയും ചെയ്യുമ്പോൾ പൊടുന്നനെ ആക്രമണം നടത്തും. ഇതെല്ലാം ഖുദ്അഃയിൽ പെടുന്നതും യുദ്ധാവസരത്തിൽ അനുവദനീയമായവയുമാണ്. എന്നാൽ കളവ്, വിശ്വാസവഞ്ചന കാണിക്കുക തുടങ്ങിയവയെ ഇസ്‌ലാം കഠിനമായി വിലക്കിയിരിക്കുന്നു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَأْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 07.02.2020
Malayalam Translation: **Moulavi K. Najmuddin Muriyakkanni** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516